ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രീമതി സാവിത്രി അന്തർജ്ജനത്തിന് 11/2014 മുതൽ പെൻഷൻ വിതരണം ചെയ്ത് തുടങ്ങിയിട്ടുണ്ട്. ശ്രീമതി അമ്മിണിയമ്മയ്ക്ക് പെൻഷനും കുടിശ്ശികയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ (RIDF) കോഴിക്കോട് ജില്ലയിൽ റോഡുകൾ

37 (4072) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ഫണ്ടിൽ (RIDF)-നിന്നും റോഡുകൾക്ക് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്ത് എന്നത് വിശദമായി വ്യക്തമാക്കാമോ ;

(ബി) RIDF-ൽ റോഡുകൾ നവീകരിക്കുന്നതിന് പ്രൊപ്പോസൽ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും പ്രൊപ്പോസലുകൾ ഗ്രാമവികസന വകുപ്പ് മുഖേനയാണോ അഥവാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണോ നൽകേണ്ടതെന്നത് വിശദമാക്കാമോ ;

(സി) ഈ സർക്കാരിന്റെ നാളിതുവരെയുള്ള ഭരണകാലത്തു RIDF-പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ ഒരു റോഡിന് പോലും തുക അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കോഴിക്കോട് ജില്ലയെ ഇത്തരത്തിൽ പരിഗണിക്കാതിരിക്കാൻ കാരണമെന്ത് എന്നത് വിശദമാക്കാമോ ;

(ഡി) പുതുതായി RIDF-ൽ പരിഗണിക്കുന്ന റോഡുകളിലും കോഴിക്കോട് ജില്ല പരിഗണിക്കപ്പെടാതെ പോയത് എന്തുകൊണ്ടെന്നത് വിശദമാക്കാമോ ;

(ഇ) RIDF-ൽ ഉൾപ്പെടുത്തുന്നതിന് നിയമസഭാ സാമാജികർ നൽകുന്ന പ്രൊപ്പോസലുകൾ പരിഗണിച്ച് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നബാർഡ് പ്രവൃത്തികളുടെ ഏകോപനവും മേൽനോട്ടവും നടത്തുന്നത് ചീഫ്സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. (State Level Empowered

LIBRARY ARCHIVES Kerala Legislative Assembly

Committee) ആണ്. ധനകാര്യവകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നബാർഡ് വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്നമുറയ്ക്ക് പ്രോജക്ടുകളുടെ കരട്നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) വാങ്ങി നബാർഡിന്റെ അനുമതിക്ക് അയയ്ക്കുകയും അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു.

(ബി) ആർ.ഐ.ഡി.എഫ്-ൽ റോഡുകൾ നവീകരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ബന്ധപ്പെട്ട ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഗ്രാമവികസന കമ്മീഷണർ വഴി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുന്നു.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XX-ൽ കോഴിക്കോട് ജില്ലയിലെ കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന ഇവ്വക്കടവ്-ഐ.ടി ജോർജ് റോഡ് (അടങ്കൽ തുക 50 ലക്ഷം രൂപ) എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) പരിഗണിക്കാറുണ്ട്.

സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്

38 (4073) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് ഫലം പ്രസിദ്ധീകരിച്ചിരുന്നോ ;

(ബി) പ്രസ്തുത സെൻസസ് പ്രകാരം എല്ലാ ജില്ലകളിലും സർവ്വേ വിവരങ്ങളുടെ ക്രോഡീകരണം പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) പൂർത്തീകരിക്കാത്ത ജില്ലകൾ ഏതെല്ലാമാണ് ; ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണ് ?

<u>ഉത്തരം</u>

(എ) സാമൂഹ്യ സാമ്പത്തിക ജാതിസെൻസസ് ഫലം കേന്ദ്രസർക്കാർ secc.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly